# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6584    01/11/2011-ൽ മറുപടിയ്ക്ക്

### ഹോംകോയുടെ ഘടന

ചോദ്യം    മറുപടി

ശ്രീ. പി. ബി. അബ്ദുൾ റസാക്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എം. ഉമ്മർ:
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ:

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളസ്റ്റേറ്റ് ഹോമിയോ സഹകരണ ഫാർമസി (ഹോംകോ) യുടെ ഘടന വിശദമാക്കാമോ; | (എ) | ഹോംകോയുടെ ഭരണം നിർവ്വഹിക്കുന്നത് പ്രസ്തുത സ്ഥാപനത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് കൗൺസിലാണ്, ആയതിന്റെ ഘടന ചുവടെ കൊടുത്തിരിക്കുന്നു.<br>1. ഡയറക്ടർ ഓഫ് ഹോമിയോപ്പതി – ചെയർപേഴ്സൺ<br>2. അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്, കേരള ഗവൺമെന്റ് – മെമ്പർ<br>3. അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്, കേരള ഗവൺമെന്റ് – മെമ്പർ<br>4. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), ആലപ്പുഴ – മെമ്പർ<br>5. മാനേജിംഗ് ഡയറക്ടർ, ഹോംകോ – മെമ്പർ സെക്രട്ടറി |
| (ബി) | പ്രസ്തുത സ്ഥാപനത്തിന്റെ ഉൽപ്പന്നങ്ങളുടെ ഗുണമേൻമ ഉറപ്പുവരുത്തുവാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ; ജർമ്മൻ നിർമ്മിത ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) | ഹോംകോയുടെ ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനായി ഡ്രഗ്സ് & കോസ്മെറ്റിക് ആക്ട് & റൂൾ 150 സി പ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്;<br>ജർമ്മൻ നിർമ്മിത ഹോമിയോ ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടത് ഔഷധ നിർമ്മാതാക്കൾ തന്നെയാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സ്ഥാപനത്തിൽ ഉൽപാദിപ്പിക്കുന്ന മരുന്നുകളുടെ വിതരണ രീതി വിശദമാക്കാമോ; | (സി) | കേരളത്തിൽ സർക്കാർ സ്ഥാപനങ്ങൾക്കു നൽകുന്നത് കൂടാതെ മിക്ക ജില്ലകളിലും ഡീലർമാർ വഴി പ്രൈവറ്റ് ഡോക്ടർമാർക്കും മരുന്നു വിതരണം നടത്താറുണ്ട്. നേരിട്ട് മരുന്നു വിതരണവും നടത്തുന്നുണ്ട്. |
| (ഡി) | ഡിമാൻറനുസരിച്ച് മരുന്നു നൽകാൻ ഹോംകോയ്ക്ക് സാധിക്കുന്നുണ്ടോ; മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഓർഡർ ലഭിക്കാറുണ്ടോ; വിശദവിവരം നൽകാമോ; | (ഡി) | ഉണ്ട്;<br>മുൻ വർഷങ്ങളിൽ ഒറീസ, ഹരിയാന, രാജസ്ഥാൻ, പഞ്ചാബ്, ഡൽഹി, അസ്സം, ത്രിപുര, മേഘാലയ തുടങ്ങി പതിനെട്ടോളം സംസ്ഥാനങ്ങളിലും മരുന്ന് വിതരണം നടത്തിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ ഒക്ടോബർ 27 വരെ ആന്ധ്രാപ്രദേശ്, ഛത്തീസ്ഗഡ്, ഹരിയാന, കർണാടക, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളിൽ നിന്നും ഓർഡറുകൾ ലഭിക്കുകയും അവയുടെ വിതരണം നടത്തിവരികയും ചെയ്യുന്നു. |
| (ഇ) | പ്രതിവർഷ ശരാശരി വിറ്റു വരവ് എത്രയെന്നും, ലാഭശതമാനം എത്രയെന്നും വ്യക്തമാക്കുമോ? | (ഇ) | പ്രതിവർഷ ശരാശരി (കഴിഞ്ഞ മൂന്നു വർഷങ്ങളിലെ) വിറ്റു വരവ് 8.20 കോടി രൂപയാണ്. ലാഭം 25 ശതമാനത്തോളമാണ്. |

സെക്ഷൻ ഓഫീസർ